**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ധനകാര്യ വകുപ്പ് - എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലേയും സ്ത്രീ ജീവനക്കാർക്ക് 180 ദിവസത്തെ പ്രസവാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (പി.യു.സി) വകുപ്പ്**

**സ.ഉ(അച്ചടി) നം. 61/2018/ധന** **തിരുവനന്തപുരം,തീയതി, 13.04.2018.**

പരാമർശം: 1. 24/01/2011 -ലെ സ.ഉ(അച്ചടി)നം.52/2011/ധന.

2. ടൈറ്റാനിയം കോംപ്ലക്സ് എംപ്ലോയീസ് യൂണിയൻ സമർപ്പിച്ച നിവേദനം.

**<u>ഉത്തരവ്</u>**

സൂചനയിലെ സർക്കാർ ഉത്തരവ് പ്രകാരം കെ.എസ്.ആർ ബാധകമായിട്ടുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്ത്രീ ജീവനക്കാർക്ക് പരമാവധി 180 ദിവസത്തെ പ്രസവാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവ് തീയതിയിൽ പ്രസവാവധിയിൽ തുടരുന്നതായ സ്ത്രീ ജീവനക്കാർക്കും പ്രസ്തുത ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണെന്ന് മേൽപ്പടി ഉത്തരവിൽ നിഷ്കർഷിക്കുന്നുണ്ട്.

കെ.എസ്.ആർ ബാധകമല്ലാത്ത പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പ്രസവാവധി 6 മാസമാക്കി ഉയർത്തണമെന്നാവശ്യപ്പെട്ട് ലഭിച്ച നിവേദനം സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളിലേയും സ്ത്രീ ജീവനക്കാർക്ക് 180 ദിവസത്തെ പ്രസവാവധി ബാധകമാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ ഉത്തരവ് തീയതിയിൽ പ്രസവാവധിയിൽ തുടരുന്നതായ സ്ത്രീ ജീവനക്കാർക്കും പ്രസ്തുത ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഡോ.ഷർമിള മേരി ജോസഫ്**
**ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി**

പകർപ്പ്-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ) കേരള, തിരുവനന്തപുരം
3. പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് (BPE) വകുപ്പ്

4. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും / ബോർഡുകളുടെയും / കോർപ്പറേഷന്റെയും ചീഫ് എക്സിക്യൂട്ടീവ്സ്.
5. ലേബർ കമ്മീഷണർ, തിരുവനന്തപുരം.
6. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ / സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ / അണ്ടർ സെക്രട്ടറിമാർ
7. ഗവർണ്ണറുടെ സെക്രട്ടറി
8. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
9. സ്പീക്കറുടേയും ഡെപ്യൂട്ടി സ്പീക്കറുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
10. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
11. സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
12. പബ്ലിക് റിലേഷൻ ഡയറക്ടർ, തിരുവനന്തപുരം
13. നോഡൽ ഓഫീസർ www.finance.kerala.gov.in
14. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ